**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് പഴയ വാഹനം കണ്ടം ചെയ്ത് പുതിയ ഇന്നോവ കാർ വാങ്ങുന്നതിലേക്കായി നേരത്തെ അനുവദിച്ച 10 ലക്ഷം രൂപയ്ക്ക് പുറമേ 12 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3183/2017/തസ്വഭവ    തിരുവനന്തപുരം, തീയതി, 28.09.2017.

==========================================================================

പരാമർശം:- 1. 16.05.2017-ലെ സ.ഉ.(സാധാ) നം. 1600/2017/തസ്വഭവ ഉത്തരവ്.
2. 31.05.2017-ലെ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 3583/എഫ്/2016/എസ്.ഇ.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് പുതിയ വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് പുതിയ വാഹനം വാങ്ങുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുവദിച്ച തുക അപര്യാപ്തമാണെന്നും ഉത്തരവ് പുന:പരിശോധിക്കണമെന്നുമാവശ്യപ്പെട്ട് ഇലക്ഷൻ കമ്മീഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2. ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് പുതിയ വാഹനം വാങ്ങുന്നതിന് 22 ലക്ഷം രൂപ അനുവദിക്കുവാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടതുള്ളതിനാലും നിലവിൽ ഉപയോഗിക്കുന്ന വാഹനം കാലപ്പഴക്കം ചെന്നതുമായതിനാൽ പുതിയ വാഹനം വാങ്ങുന്നതിന് 12 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നാണ് മേൽ കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് പഴയ വാഹനം കണ്ടം ചെയ്ത് GeM പ്ലാറ്റ്ഫോം വഴി പുതിയ ഇന്നോവ കാർ വാങ്ങുന്നതിലേക്കായി നേരത്തെ അനുവദിച്ച 10 ലക്ഷം രൂപയ്ക്ക് പുറമേ 12 ലക്ഷം രൂപ കൂടി "2015-00-101-99-21 MV" - purchase of vehicle" എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ.ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി.**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി വെള്ളയമ്പലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ